# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 235 06.01.2014-ൽ മറുപടിയ്ക്ക്

## സോളാർ തട്ടിപ്പുകേസിൽ അന്വേഷണ സംഘത്തിന് ലഭിച്ച സൂചനകളും തെളിവുകളും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.കെ. ജയചന്ദ്രൻ<br>ശ്രീമതി.കെ.കെ. ലതിക<br>ശ്രീ.കെ.കെ. നാരായണൻ<br>ശ്രീ.ബി.ഡി.ദേവസ്സി | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | സോളാർ തട്ടിപ്പുകേസിൽ പോലീസ് അന്വേഷണസംഘത്തിന് ഇതേവരെ ലഭിച്ച സൂചനകളും തെളിവുകളും ആരെല്ലാം കുറ്റം ചെയ്തിട്ടുള്ളതായി വെളിപ്പെടുത്തുന്നു എന്ന് വ്യക്തമാക്കാമോ | (എ) | കെ.ആർ.ബിജു, സരിത.എസ്.നായർ, ശാലു വേണുഗോപാൽ, ടെന്നി ജോപ്പൻ, മണിമോൻ, പോള് @ ഫ്രെനി, എ.കെ. വാര്യർ എന്നിവർ വിവിധ കേസുകളിലായി കുറ്റം ചെയ്തിട്ടുള്ളതാണ്. |
| (ബി) | "എന്ത് അപമാനവും അവഹേളനവും സഹിച്ച് അധികരത്തിൽ തുടരുമെന്ന" മുഖ്യമന്ത്രിയുടെ പ്രസ്താവന അന്വേഷണ സംഘത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | മുഖ്യമന്ത്രിക്കും അദ്ദേഹത്തിന്റെ പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്കും ശ്രീമതി. സരിതയും ശ്രീ. ബിജുവുമായിട്ടുള്ള എതെല്ലാം നിലയിലുള്ള ബന്ധങ്ങളാണ് പുറത്ത് വന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; മുഖ്യമന്ത്രി കുറ്റക്കാരനാകുന്ന സാഹചര്യങ്ങൾ ഉണ്ടോ; എങ്കിൽ എന്തൊക്കെയാണ്; | (സി) | പ്രത്യേക അന്വേഷണ സംഘം കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട എല്ലാ വസ്തുതകളേയും കുറിച്ച് അന്വേഷിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് അംഗമായ ടെന്നി ജോപ്പനെ കോന്നി പോലീസ് സ്റ്റേഷൻ ക്രൈം.നമ്പർ.656/13 ൽ 3-ാം പ്രതിയായി അറസ്റ്റ് ചെയ്തിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |
| (ഡി) | മുഖ്യമന്ത്രിയുടെ ഓഫീസിനെക്കുറിച്ചും ആരോപിക്കപ്പെട്ട ഗൂഢസംഘത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും പുറത്തുവന്ന പരാതികളെക്കുറിച്ചും സംഘം അന്വേഷിക്കുകയുണ്ടായോ; | (ഡി) | കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട എല്ലാ വസ്തുതകളേയും കുറിച്ചും സമഗ്രമായി അന്വേഷിച്ചിട്ടുണ്ട്. |

(ഇ) മുഖ്യമന്ത്രി തൽസ്ഥാനത്ത് തുടരുമ്പോൾ അദ്ദേഹത്തിനെതിരെ പുറത്തുവന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള തുടരന്വേഷണം അസാധ്യമായിട്ടുണ്ടോ; ഇക്കാര്യം അന്വേഷണസംഘത്തിന്റെ തലവൻ സർക്കാരിനെ അറിയിക്കുകയുണ്ടായോ?

(ഇ) കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട എല്ലാ വസ്തുതകളേയും കുറിച്ചും സമഗ്രമായി അന്വേഷിച്ചിട്ടുണ്ട്. CrPC പ്രകാരം കേസുകൾ അന്വേഷണം നടത്തുന്നതിന് യാതൊരുവിധ തടസവുമുണ്ടായിട്ടില്ല.

സെക്ഷൻ ഓഫീസർ